# തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ

വി. കെ. എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം,തൃശ്ശൂർ–680020, ഫോൺ:0487 2332099

| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|
| കെ.ആർ.സാംബശിവൻ | ബിന്നി ഇമ്മട്ടി | കെ.ആർ.സുരേഷ് |
| ഫോൺ:9847994395 | ഫോൺ:9447737793 | ഫോൺ:9447476784 |


16.01.2020

## ജി.വി.രാജ സ്പോർട്സ് സ്കൂളിലേക്കുള്ള തെരഞ്ഞെടുപ്പ്

തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിലും, കണ്ണൂർ സ്പോർട്സ് ഡിവിഷനിലും 2020–2021 അദ്ധ്യായന വർഷത്തിലേക്ക് 6,7,8,9,+1/വി.എച്ച്.എസ്.സി എന്നീ ക്ലാസ്സുകളിലേക്ക് പ്രവേശനം നൽകുന്നതിന് അത്‌ലറ്റിക്സ്,ബാസ്ക്കറ്റ്ബോൾ, ഫുട്ബോൾ,വോളിബോൾ, തയ്ക്വാണ്ടോ, റസലിങ്ങ്, ഹോക്കി, വെയ്റ്റ്ലിഫ്റ്റിങ്ങ്, ബോക്സിങ്ങ്, ജൂഡോ എന്നീ കായികയിനങ്ങളിൽ താൽപര്യമുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് കായിക യുവജനകാര്യാലയം ജില്ലാ തലത്തിൽ സെലക്ഷൻ ട്രയൽ സംഘടിപ്പിക്കുന്നു. പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികൾ ജനനതിയ്യതി തെളിയിക്കുന്ന ഏതെങ്കിലും രേഖയും ജില്ലാ,സംസ്ഥാന,ദേശീയ മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ നിലവിൽ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളും ഫോട്ടോയുമായി ബന്ധപ്പെട്ട ജില്ലകളിലെ സെലക്ഷൻ ട്രയൽ കേന്ദ്രങ്ങളിൽ നിശ്ചിത ദിവസം തന്നെ നേരിട്ട് ഹാജരാകേണ്ടതാണ്. 2020 ജനുവരി മാസം 28–ാം തിയ്യതി മുതൽ ഫെബ്രുവരി 14 വരെയാണ് വിവിധ ജില്ലകളിൽ സെലക്ഷൻ ട്രയൽ നടത്തുന്നത്. പങ്കെടുക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് നേരിട്ടും ഓൺലൈൻ ആയും രജിസ്റ്റർ ചെയ്യാവുന്നതാണ് ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് **http://gvrsportsschool.org/talenthunt** എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്ത ശേഷം ഇ-മെയിലിൽ ലഭിക്കുന്ന വിവരങ്ങളുടെ കോപ്പി ഹാജരാക്കേണ്ടതാണ്.

തൃശ്ശൂർ ജില്ലയിൽ ഈ സെലക്ഷൻ 2020 ഫെബ്രുവരി 5ന് നടത്തുന്നതാണ്. താൽപര്യമുള്ളവർ രാവിലെ 8 മണിക്ക് വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ എത്തിച്ചേരണമെന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.ആർ.സാംബശിവനും സെക്രട്ടറി കെ.ആർ.സുരേഷും അറിയിച്ചു.

For

സെക്രട്ടറി

THRISSUR DISTRICT SPORTS COUNCIL
THRISSUR - 680 020